# കേരളസർവകലാശാല

നം.പി.ആർ.19/2021

## പത്രക്കുറിപ്പ്

### സൂക്ഷ്മപരിശോധന

കേരളസർവകലാശാല 2020 ഫെബ്രുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ യൂണിറ്ററി എൽ.എൽ.ബി. പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുളള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡും ഹാൾടിക്കറ്റുമായി ജനുവരി 27, 28, 29 തീയതികളിൽ (ഇ.ജെ x- പത്ത്)സെക്ഷനിൽ എത്തിച്ചേരേണ്ടതാണ്.

### ടൈംടേബിൾ

കേരളസർവകലാശാല നടത്തിയ നാലാം സെമസ്റ്റർ എം.സി.എ. (2015 സ്കീം - റെഗുലർ ആന്റ് സപ്ലിമെന്ററി) പ്രാക്ടിക്കൽ പരീക്ഷ ജനുവരി 27, 28, 29 തീയതികളിൽ നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

### പരീക്ഷാഫലം

കേരളസർവകലാശാല 2020 മേയിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്.സി. ബയോഇൻഫോർമാറ്റിക്സ് പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് ഫെബ്രുവരി 5 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### സി.എം. @ ക്യാമ്പസ് - ഉന്നതവിദ്യാഭ്യാസ സംവാദം പോസ്റ്റർ പ്രകാശനം ചെയ്തു

കേരളസർവകലാശാലയിൽ ബഹു.മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ കുട്ടികളുമായി സംവാദത്തിൽ പങ്കെടുക്കുന്ന സി.എം. @ ക്യാമ്പസ് പരിപാടിയുടെ പോസ്റ്റർ വൈസ് ചാൻസലർ പ്രൊഫ.(ഡോ.) വി.പി.മഹാദേവൻപിളള പ്രകാശനം ചെയ്തു. ഉന്നതവിദ്യാഭ്യാസ മേഖലയിൽ മികച്ച വികസനത്തിന് വഴിയൊരുക്കുന്ന സംവാദം ഫെബ്രുവരി 6 ന് സർവകലാശാല സെനറ്റ്ഹാളിൽ വച്ചാണ് നടക്കുന്നത്. ഉന്നതവിദ്യാഭ്യാസമേഖലയുടെ ഉന്നമനത്തിനുതകുന്ന തരത്തിലുളള നിർദേശങ്ങൾ സമർപ്പിക്കുന്നതിനുളള വെബ്സൈറ്റ് കഴിഞ്ഞ ദിവസം വൈസ് ചാൻസലർ ഉദ്ഘാടനം ചെയ്തിരുന്നു. കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുളള എല്ലാ കോളേജുകളിലേയും സർവകലാശാല പഠന വകുപ്പുകളിലേയും വിദ്യാർത്ഥികൾക്ക് തങ്ങളുടെ നിർദ്ദേശങ്ങൾ https://www.keralauniversity.ac.in/cm@campus എന്ന വെബ്സൈറ്റിലൂടെ സമർപ്പിക്കാം.

സർവകലാശാല സിൻഡിക്കേറ്റ് റൂമിൽ നടന്ന ചടങ്ങിൽ പ്രോഗ്രാം കമ്മിറ്റി ചെയർമാൻ അഡ്വ.ബി.ബാലചന്ദ്രൻ അദ്ധ്യക്ഷത വഹിച്ചു. പ്രോ-വൈസ് ചാൻസലർ ഡോ.പി.പി. അജയകുമാർ സിൻഡിക്കേറ്റ് അംഗങ്ങളായ അഡ്വ.കെ.എച്ച്.ബാബുജാൻ, ഡോ.എസ്. നസീബ്, അഡ്വ.എ.മുരളീധരൻ പിളള, അഡ്വ.എ.അജികുമാർ, ശ്രീ എം വിജയൻപിളള, ഡോ.ഗോപ്ചന്ദ്രൻ കെ.ജി., പ്രൊഫ.എ.ലളിത, ഡോ.കെ.ബി.മനോജ്,

ഡോ.ബി.ഉണ്ണികൃഷ്ണൻ നായർ, ശ്രീമതി. രഞ്ജു സുരേഷ്, ശ്രീ.ബിജുകുമാർ എന്നിവർ പങ്കെടുത്തു.

പബ്ലിക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം.
25.01.2021

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 9188526670, 9188526671, 9188526674, 9188526675